"ഭരണഭാഷ - മാതൃഭാഷ"

ഫോൺ : 0471 2557227 (ഓഫീസ്)
ഇ-മെയിൽ : registrar.tcmc@kerala.gov.in
www.medicalcouncil.kerala.gov.in

# ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽസ്

റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള-695035

## ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ നടപടിക്രമങ്ങൾ- 4

സാന്നിദ്ധ്യം:- ശ്രീ. മുഹമ്മദ് ഹസൈൻ എ.

സർ,

വിഷയം : തിരു-കൊച്ചി-മെഡിക്കൽ കൗൺസിൽ-കോവിഡ്-19 മഹാമാരി പശ്ചാത്തലത്തിൽ ഹോമിയോപ്പതി മെഡിസിനിൽ യോഗ്യത നേടിയവർക്ക് Adhoc വ്യവസ്ഥയിൽ പ്രൊവിഷണൽ/പെർമനന്റ് രജിസ്ട്രേഷൻ നമ്പർ അനുവദിച്ച് - ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം : 1. D.O leter No.27/Prl.Sccy/H&FWD/2021 Dated 28-04-2021

### ഉത്തരവ് നമ്പർ ഇ-11596/2021 /എം.സി തീയതി-03-05-2021

ലോകവ്യാപകമായി താണ്ഡവമാടുന്ന കോവിഡ്-19 മഹാമാരി ഇന്ത്യയിൽ അതിരൂക്ഷ വ്യാപനത്തിന്റേയും കേരളത്തിന്റെ വ്യാപകപകർച്ചയുടെയും അടിസ്ഥാനത്തിൽ സർക്കാർ പരാമർശം (1) ലെ നിർദ്ദേശം പരിഗണിച്ച് മോഡേൺ മെഡിസിൻ കൗൺസിന്റെ പരാമർശം (2) തീരുമാന പ്രകാരം മെഡിക്കൽ രംഗത്ത് ആരോഗ്യപ്രവർത്തകരെ യഥേഷ്ടം ലഭ്യമാക്കുന്നതിന് ഉതകും വിധം മെഡിക്കൽ പ്രാക്ടീഷണർമാരെ സജ്ജമാക്കുന്നതിന് താഴെപ്പറയുന്ന ഉപാധികൾക്ക് വിധേയമായി രജിസ്റ്റർ നമ്പറുകൾ അനുവദിച്ച് ഉത്തരവാകുന്നു. അതായത്

ഇതോടൊപ്പം ANNEXURE ലിസ്റ്റ് പ്രകാരം ചേർത്തിട്ടുള്ള ഇന്ത്യയ്ക്കകത്ത് മെഡിക്കൽ യോഗ്യത നേടിയ ബിരുദധാരികൾ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ പ്രൊവിഷണൽ/പെർമനെന്റ് രജിസ്ട്രേഷന് അപേക്ഷിച്ചിട്ടുള്ളതും എന്നാൽ നിയമപ്രകാരമുള്ള വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ നേരിടുന്ന കാലതാമസം കണക്കിലെടുത്തും മെഡിക്കൽ രംഗത്ത് അനിവാര്യമായ മാനവവിഭവശേഷിയുടെ തോത് വർദ്ധിപ്പിക്കണമെന്ന സർക്കാരിന്റെ ആവശ്യകത നിവേറ്റുന്നതിനും കൗൺസിലിൽ രജിസ്ട്രേഷനായി ഈ ഓഫീസിൽ അപേക്ഷയും അനിവാര്യമായ രേഖകളും സഹിതം സമർപ്പിച്ചിട്ടുള്ളതും എന്നാൽ നിയമപരമായി പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ ഇനിയും പൂർത്തിയാക്കേണ്ടതുള്ളതിനാൽ കൂടുതൽ സമയം ആവശ്യമുള്ളതിനാലും പരാമർശം (2) ലെ തീരുമാനപ്രകാരം താഴെപ്പറയുന്നവർക്ക് രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നു.

മേൽ കൗൺസിൽ നിർദ്ദേശപ്രകാരം നിശ്ചിത പ്രൊഫോർമയിലുള്ള 200/- രൂപ മുദ്രപത്രത്തിൽ നോട്ടറി അഫിഡവിറ്റിന്റെ അല്ലെങ്കിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള പ്രൊവിഷണൽ/പെർമനന്റ് രജിസ്ട്രേഷൻ നമ്പർ ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത അപേക്ഷകർ മേൽ നിഷ്കർഷിച്ചിട്ടുള്ള അഫിഡവിറ്റിന്റെ അസൽ ഈ ഓഫീസിൽ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. ഈ രജിസ്ട്രേഷൻ താഴെപ്പറയുന്ന ഉപാധികൾക്ക് വിധേയമായിട്ടുള്ളതാണ്.

1. പ്രൊവിഷണൽ രജിസ്ട്രേഷൻ നമ്പർ നല്കുന്നത് രജിസ്ട്രാറുടെ നടപടിക്രമത്തിന്റെ പകർപ്പിന്റെയും ടി.സി.എം.സിയിൽ ഓൺലൈൻ അപേക്ഷയുടെ Acknowledgement-ന്റെ പകർപ്പിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് CRRIഅനുവദിക്കാവുന്നതാണ് കൂടാതെ CRRI ചെയ്യുന്ന ആളിന്റെ ആധികാരികത ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.
2. കേരളത്തിൽ കോവിഡ്-19 ചികിത്സാരംഗത്ത് പ്രവർത്തിക്കുന്നതിന് ഈ രജിസ്റ്റർ നമ്പർ മാത്രം മതിയാകുന്നതും ഈ രജിസ്ട്രേഷൻ നമ്പർ ഏതാവശ്യത്തിലേക്കാണോ നല്കിയിരിക്കുന്നത് അതേ ആവശ്യത്തിനുമാത്രം ഉപേയാഗിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.
3. രജിസ്ട്രേഷന് നിയമപരമായ രേഖാമൂലം നടപടിക്രമവും പാലിച്ച് ലഭ്യമാക്കുന്നമുറയ്ക്ക് മാത്രമേ പ്രൊവിഷണൽ/പെർമനന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നല്കുകയുള്ളുയെന്നും. ആയതിന് അപേക്ഷകർ വേണ്ട ശ്രദ്ധചെലുത്തേണ്ടതുമാണ്.
4. കോവിഡ്-19 അതിരൂക്ഷമായ സാഹചര്യം കണക്കിലെടുത്ത് നല്കുന്ന ഈ രജിസ്ട്രേഷൻ നമ്പർ ആവശ്യകതക്കനുസരിച്ച് നിജപ്പെടുത്തുന്നതാണ്.

**രജിസ്ട്രാർ**

# Affidavit 2020-21

തിരുവനന്തപുരം ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാർക്ക് സമർപ്പിക്കുന്നത് ---------------ജില്ലയിൽ----------താലൂക്കിൽ----------------- വീട്ടിൽ-------------------------------------മകൾ/മകൻ-------വയസ്സുള്ള ------- ----------------------സ്വമേധയ എഴുതി നല്കുന്ന സത്യവാങ്മൂലം

-------------------------------

---------------------------എന്ന ഞാൻ----------വർഷം-------------------- കോളേജിൽ നിന്നും മെഡിക്കൽ ബിരുദം നേടി --------------------------- കൗൺസിലിൽ സ്ഥിര രജിസ്ട്രേഷൻ നേടിയിട്ടുള്ളതും അവിടെനിന്നും എൻ.ഒ.സി മറ്റു രേഖകൾ എന്നിവ ലഭ്യമാക്കി ----------------------തീയതിയിൽ ടി.സി.എം.സിയിൽ മോഡേൺ മെഡിസിൻ/ഐ.എസ്.എം/ഹോമിയോപ്പതി എന്നീ സമ്പ്രദായങ്ങളിൽ സ്ഥിര രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിലെ കൊവിഡ്-19 പശ്ചാത്തലത്തിൽ എൻ.ഒ.സിയിന്മേലോ മറ്റ് രേഖകളിലോ നേടേണ്ടിയിരുന്ന വെരിഫിക്കേഷൻ/കൺഫർമേഷൻ റിപ്പോർട്ടുകൾ ലഭിക്കാൻ കാലതാമസം വരുമെന്നിരിക്കെ കൊവിഡ്-19 അതിവ്യാപന സാഹചര്യത്തിൽ സോപാധികമായി രജിസ്ട്രേഷൻ നല്കണമെന്നും മേൽ രേഖകളിൽ എന്തെങ്കിലും ആക്ഷേപമുണ്ടാകുന്നപക്ഷം മേൽ ടി.സി.എം.സിയുടെ രജിസ്ട്രേഷൻ നമ്പർ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ഏത് നടപടിക്കും എനിക്ക് പൂർണ്ണ സമ്മതമാണെന്നും ഇതിനാൽ ഉറപ്പുനല്കുന്നു. മാത്രമല്ല ന്യൂനതകൾ ഉള്ള പക്ഷം ആയത് പരിഹരിച്ചു മാത്രമം സർട്ടിഫിക്കറ്റ് നല്കിയാൽ മതിയെന്ന്കൂടി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

തീയതി: പേര്:

സാക്ഷികൾ: ഒപ്പ്:

## ANNEXURE D(1): LIST OF PERMANENT REGISTRATION NUMBERS &REGISTRATION DATE ALLOTTED TO BHMS GRADUATES

**(Vide Proceedings No. E-11596/2021/MC dated 03-05-2021, the Permanent Registration Numbers allotted to the applicants)**

| Sl No | Name of Applicant | Date of Birth | University | Registration No Allotted due to Covid Pandemic Situation | Registration Date |
|---|---|---|---|---|---|
| 1 | FIO CHARLES | 6/23/1992 | THE TAMIL NADU DR. M.G.R. MEDICAL UNIVERSITY | 14130 | 04-05-2021 |
| 2 | ARCHANA C. | 10/10/1996 | RAJIV GANDHI UNIVERSITY OF HEALTH SCIENCES, KARNATAKA | 14132 | 04-05-2021 |
| 3 | SHIFNA K | 7/11/1995 | RAJIV GANDHI UNIVERSITY OF HEALTH SCIENCES, KARNATAKA | 14136 | 04-05-2021 |

**REGISTRAR**